പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*65. 28.02.2018 ൽ മറുപടിയ്ക്ക്

## ലഹരി മാഫിയയെ നിയന്ത്രിക്കാനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.വി.ജോയി<br>ശ്രീ.കെ.ജെ.മാക്സി | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കാര്യക്ഷമമായ ഇടപെടലുകളുടെ ഫലമായി, നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ് (എൻ.ഡി.പി.എസ്) നിയമത്തിൻ കീഴിൽ വരുന്ന കേസുകളും വിമാനത്താവളം വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്ന കേസുകളും കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യത്തിൽ, ലഹരി മാഫിയയെ നിയന്ത്രിക്കാൻ കർശന നടപടികൾ തുടർന്നും സ്വീകരിക്കുന്നതിനായി പ്രത്യേക സംഘങ്ങളെ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഫീൽഡ് ഓഫീസുകൾ അനുവദിക്കുന്നതിനും വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഓഫീസുകൾ ആധുനികവത്ക്കരിക്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നുണ്ട്. വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ |

| | | | |
|---|---|---|---|
| | | | തമിഴ്നാട് കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.<br>അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തി വരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. വിമാനത്താവളം വഴി ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നത് തടയുന്നതിനും പിടിച്ചെടുക്കുന്നതിനും വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും വാഹന പരിശോധന ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് വിഭാഗം സജീവ ഇടപെടൽ നടത്തുന്നുണ്ട്. |
| (ബി) | പ്രായപൂർത്തിയാകാത്തവർക്ക് നിയമം നൽകുന്ന പരിരക്ഷ ദുരുപയോഗം ചെയ്ത് ഇത്തരക്കാരെ ലഹരി കടത്തിനും കൈമാറ്റത്തിനുമായി മാഫിയ സംഘങ്ങൾ വലയിൽപ്പെടുത്താതിരിക്കാനായി വകുപ്പിന് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ലഹരി കടത്തിനും കൈമാറ്റത്തിനുമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തുന്നതിനെതിരെ ശക്തമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നു. കഞ്ചാവ്, മയക്കുമരുന്ന്, ആംപ്യൂളുകൾ, ഗുളികകൾ തുടങ്ങിയ ലഹരി വസ്തുക്കൾ കണ്ടെടുക്കുന്നതിന് ജാകരൂകമായ പ്രവർത്തനം നടത്തുവാൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി മരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിനും ഇല്ലാതാക്കുന്നതിനും എക്സൈസിന്റെ ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും നിരന്തരം രഹസ്യനിരീക്ഷണം നടത്തി വരികയാണ്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ ശേഖരിക്കുകയും, ബന്ധപ്പെട്ട വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പിറ്റിഎയുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (സി) | ലഹരി പദാർത്ഥ വിൽപ്പനയും ഉപയോഗവും അവസാനിപ്പിക്കാനായി പൊതുജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ ലഹരി വിമുക്ത മിഷൻ നടത്തിവരുന്ന പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) | ലഹരിയ്ക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും, ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടന്നുവരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണിവരെ ടോൾ ഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിയ്ക്കെതിരെ കായിക ലഹരിയെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്, സംസ്ഥാന ലൈബ്രറി കൗൺസിൽ, റസിഡൻസ് അസോസിയേഷനുകൾ, ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ, കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് പഞ്ചായത്ത് വാർഡ് തലം വരെയുള്ള പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

Hkrys

**സെക്ഷൻ ഓഫീസർ**